"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം നഗരസഭയുടെ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, വകുപ്പ് 36(8), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 22, എന്നിവ പ്രകാരം അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ.(കൈ) നം.234/2022/LSGD തീയതി,തിരുവനന്തപുരം, 13-10-2022

പരാമർശം:-

1. 28/06/2021-ലെ സ.ഉ.(കൈ) നം. 119/2021/തസ്വഭവ
2. 16/02/2022 - ലെ സ.ഉ.(കൈ) നം. 26/2022/തസ്വഭവ
3. ഒറ്റപ്പാലം നഗരസഭ കൗൺസിലിന്റെ 04-03-2022-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം
4. മുഖ്യനഗരാസൂത്രകന്റെ 03/07/2022 തീയതിയിലെ ടിസിപിസിടിപി/1399/2020-എഫ്2 നമ്പർ കത്ത്.
5. 01-08-2022-ലെ ആർ.ഡി.2/78/2022/എൽ.എസ്.ജി.ഡി. നമ്പർ കത്ത്
6. മുഖ്യനഗരാസൂത്രകന്റെ 03/09/2022 തീയതിയിലെ ടിസിപിസിടിപി/1399/2020-എഫ്2 നമ്പർ കത്ത്.

ഉത്തരവ്

ഒറ്റപ്പാലം നഗരസഭാ പ്രദേശത്തിനായി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകുകയും ആയത് നഗരസഭ പ്രസിദ്ധീകരിക്കുകയും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് 27/08/2021 ലെ 2557 നമ്പരായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമുണ്ടായി. പ്രസിദ്ധീകൃത മാസ്റ്റർപ്ലാനിന്മേൽ ലഭിക്കുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ച മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെ ശിപാർശ കൗൺസിലിലേക്ക് സമർപ്പിക്കേണ്ട സമയപരിധി പരാമർശം (2) ഉത്തരവ് പ്രകാരം, ടി ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ 30 ദിവസം വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

(2) പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാനിന്മേൽ മാസ്റ്റർപ്ലാൻ കമ്മിറ്റിയുടെ ശിപാർശ, പരാമർശം (3) കൗൺസിൽ തീരുമാനം പ്രകാരം, ഒറ്റപ്പാലം നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ആയതു സർക്കാരിലേയ്ക്ക് ഉചിത മാർഗ്ഗേന സമർപ്പിക്കുകയും ചെയ്തിരുന്നു. ആയത് പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ട് സഹിതം മുഖ്യനഗരാസൂത്രകൻ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

(3) ഒറ്റപ്പാലം കരട് മാസ്റ്റർ പ്ലാനിന്റെ മേഖലാ നിയന്ത്രണ ചട്ടങ്ങളിൽ, ജനറൽ കണ്ടീഷൻസിൽ, ചട്ടം 21.1.13 ആയി ചേർത്തിരിക്കുന്ന വ്യവസ്ഥ ഒഴിവാക്കി (വിഭാവിത റോഡുകളിൽ നിർമ്മാണം അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ ഒഴിവാക്കി) ഒറ്റപ്പാലം കരട് മാസ്റ്റർ പ്ലാൻ, കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടം 21 പ്രകാരം ആവശ്യമായ എല്ലാ രേഖകളുടെയും ആവശ്യമായ പകർപ്പുകൾ സഹിതം പുനഃസമർപ്പിക്കുവാൻ പരാമർശം (5) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കരട് മാസ്റ്റർ പ്ലാനിന്റെ രൂപീകരണം സംബന്ധിച്ച്, കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 36(7) പ്രകാരമുള്ള സമയ പരിധിയിൽ വന്നിട്ടുള്ള കാലതാമസം, കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 36(11) പ്രകാരം സാധൂകരിച്ചു നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചിരുന്നു.

(4) തുടർന്ന് പരിഷ്കരിച്ച ഒറ്റപ്പാലം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ അന്തിമ അനുമതിയ്ക്കായി നഗരസഭ ലഭ്യമാക്കിയ രേഖകൾ, ആയതിന്മേലുള്ള ശിപാർശ സഹിതം, 2016-കേരള നഗരഗ്രാമാസൂത്രണ ആക്ട്ട് വകുപ്പ് 36(7) പ്രകാരം പരാമർശം (6) റിപ്പോർട്ട് സഹിതം മുഖ്യനഗരാസൂത്രകൻ ലഭ്യമാക്കിയിരിക്കുന്നു. ഒറ്റപ്പാലം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത്, കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021 നിലവിൽ നടുന്നതിനു മുമ്പ് ആയതിനാൽ, മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്തിട്ടുള്ളതല്ല. ഒറ്റപ്പാലം നഗരസഭയ്ക്കായി തയ്യാറാക്കിയ ഒറ്റപ്പാലം കരട് മാസ്റ്റർ പ്ലാൻ, അംഗീകരിക്കുവാനുള്ള മുനിസിപ്പൽ കൗൺസിലിന്റെ പരാമർശം (3) പ്രകാരമുള്ള തീരുമാനം പരിഗണിച്ച് കൊണ്ട്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട്ട്, വകുപ്പ് 36(8), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 22, എന്നിവ പ്രകാരം സർക്കാരിന് അനുമതി നൽകാവുന്നതാണ് എന്നും മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു.

(5) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 22, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(8) എന്നിവ പ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുള്ള മാസ്റ്റർ പ്ലാൻ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും, എന്തെങ്കിലുമുണ്ടെങ്കിൽ, അവയും അവയിന്മേൽ ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിലിന്റെ ശിപാർശകളും, മുഖ്യനഗരാസൂത്രകന്റെ അഭിപ്രായങ്ങളും, പ്രസ്തുത വകുപ്പിൽ പ്രതിപാദിക്കുന്ന കാര്യങ്ങളും പരിഗണിച്ച്, പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ പ്ലാനിന് അനുമതി നൽകാവുന്നതാണ് എന്നും മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ പരാമർശം (6) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം നഗരസഭയുടെ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, വകുപ്പ് 36(8), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 22, എന്നിവ പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
2. ജില്ലാ നഗരാസൂത്രകൻ, പാലക്കാട്.
3. സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ.
4. എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം.
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Anilkumar C
Date: 13-10-2022 15:11:58
സെക്ഷൻ ഓഫീസർ